# കേരള സർവകലാശാല

നം.പി.ആർ.183/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## സർവകലാശാല കാമ്പസിനുള്ളിൽ എസ്.എഫ്.ഐയുടെ ഗുണ്ടാവിളയാട്ടം അപലപനീയം

ഇന്ന് സർവകലാശാല പാളയം ആസ്ഥാനത്ത് എസ്.എഫ്.ഐ വിദ്യാർത്ഥികൾ നടത്തിയ അക്രമ സമരം അത്യന്തം അപലപനീയവും പ്രതിഷേധാർഹവുമാണ്. ന്യായീകരിക്കാനാകാത്ത ആവശ്യങ്ങൾ ഉന്നയിച്ച് വിദ്യാർത്ഥികൾ സർവകലാശാല ആസ്ഥാനത്തേക്ക് ഇരച്ചു കയറുകയും അക്ഷരാർത്ഥത്തിൽ അഴിഞ്ഞാടുകയുമായിരുന്നു. ജീവനക്കാരേയും വിവിധ ആവശ്യങ്ങൾക്ക് സർവകലാശാലയിൽ എത്തിയവരേയും ഉത്കണ്ഠയുടെ മുൾമുനയിൽ നിർത്തിയ വിദ്യാർത്ഥികൾ തീർത്തും ഭീകരാന്തരീക്ഷമാണ് സൃഷ്ടിച്ചത്. അടച്ചിട്ടിരുന്ന പ്രധാന കവാടം ചാടിക്കടന്ന വിദ്യാർത്ഥികൾ അസഭ്യം നിറഞ്ഞ മുദ്രാവാക്യങ്ങൾ ഉയർത്തി പൈപ്പ് ലൈൻ, തൂണുകൾ എന്നിവ വഴി സർവകലാശാലയുടെ രണ്ടാം നിലയിൽ കയറി ബഹു. വൈസ്-ചാൻസലറുടേയും സർവകലാശാലയിലെ മറ്റ് ജീവനക്കാരുടേയും കൃത്യനിർവഹണം തടസ്സപ്പെടുത്തി. കൂടാതെ പ്രോ-വൈസ് ചാൻസലറുടെ മുറിയുടെ വാതിൽ നശിപ്പിക്കുകയും പഞ്ചിംഗ് മെഷിൻ തകർക്കുകയും വൈദ്യുതി വിച്ഛേദിക്കുകയും ചെയ്തതുൾപ്പെടെ ഒട്ടേറെ നാശനഷ്ടങ്ങൾ വരുത്തി. കസേരകൾ വലിച്ചെറിയുകയും 'നോ പാർക്കിംഗ്' ബോർഡുകൾ നശിപ്പിക്കുകയും ചെയ്ത വിദ്യാർത്ഥികൾ ഈ അതിക്രമങ്ങൾ ക്യാമറയിൽ പതിയാതിരിക്കാൻ എസ്.എഫ്.ഐയുടെ പതാകകൊണ്ട് ക്യാമറ മൂടുകയും ചെയ്തു.

സമരത്തെക്കുറിച്ച് മുൻകൂട്ടി വിവരം ലഭിച്ചതിനെത്തുടർന്ന് ഇന്ന് രാവിലെ രേഖാമൂലം പോലീസ് സംരക്ഷണം ആവശ്യപ്പെട്ടിരുന്നു. ഇത്തരം വേളകളിൽ സർവകലാശാലയുടെ സ്വത്തിനും ജീവനക്കാർക്കും സംരക്ഷണം നൽകണമെന്നുള്ള ഹൈക്കോടതി ഉത്തരവും നിലവിലിരിക്കേ പോലീസ് സേന തികച്ചും നിഷ്കൃയരായി നോക്കിനിൽക്കുകയാണുണ്ടായത്. എന്നാൽ സമരം ചെയ്ത വിദ്യാർത്ഥികളെ അതിൽനിന്നും തടയുകയോ പിന്തിരിപ്പിക്കുയോ ചെയ്യാതെ അവരെ സഹായിക്കുന്ന നിലപാടാണ് പോലീസ് സ്വീകരിച്ചത്.

കാമ്പസിനുള്ളിൽ ഓഫീസ് സമയത്ത് ധർണ്ണകളോ സമരങ്ങളോ പാടില്ലായെന്ന സർക്കുലർ നിലവിലിരിക്കേ അധ്യയനം മുടക്കിയുള്ള വിദ്യാർത്ഥികളുടെ അതിക്രമം ഒട്ടും ന്യായീകരിക്കാവുന്നതല്ല. രാജ്യത്തിന്റെ തന്നെ ഭാവി കരുപിടിപ്പിക്കേണ്ട യുവതലമുറ ഇത്തരം ആഭാസത്തരങ്ങൾ കാണിക്കുന്നത് അത്യന്തം ആശങ്കാജനകമാണ്.

## എം.എ ഹിന്ദി വൈവ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈ/ആഗസ്റ്റിൽ നടത്തിയ അവസാന വർഷ എം.എ ഹിന്ദി പരീക്ഷയുടെ വൈവ ഒക്ടോബർ 17 മുതൽ 24 വരെ പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ (പബ്ലിക് അഡ്മിനിസ്ട്രേഷൻ) വൈവ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈ/ആഗസ്റ്റിൽ നടത്തിയ എം.എ (പബ്ലിക് അഡ്മിനിസ്ട്രേഷൻ) ഫൈനൽ പരീക്ഷയുടെ വൈവ ഒക്ടോബർ 17, 18 തീയതികളിൽ പാളയം എസ്.ഡി.ഇ-യിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഡിഗ്രി ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം (സി.ബി.സി.എസ്.എസ് - 2013 സപ്ലിമെന്ററി, 2014 സ്കീം ഇംപ്രൂവ്മന്റ്, 2015 സ്കീം റഗുലർ) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ ഓൺലൈനായും ഓഫ്ലൈനായും അപേക്ഷിക്കാം.

## എം.എസ്സി ഇന്റഗ്രേറ്റീവ് ബയോളജി (സി.എസ്.എസ്) ഫലം : രശ്മി ഒന്നാം റാങ്ക് നേടി

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ എം.എസ്സി ഇന്റഗ്രേറ്റീവ് ബയോളജി (2014-16 ബാച്ച് - സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. രശ്മി ആർ (രജി.നം. INB 140506) ഒന്നാം റാങ്ക് നേടി.

## എം.എ മലയാളം (സി.എസ്.എസ്) ഫലം : ഒന്നാം റാങ്ക് അശ്വനിക്ക്

കേരള സർവകലാശാല ജൂണിൽ നടത്തിയ എം.എ മലയാളം ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (2014-16 ബാച്ച് - സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. അശ്വനി എ.പി (രജി.നം. MAL 140506) ഒന്നാം റാങ്ക് നേടി.

## ക്വിസ്

കേരള സർവകലാശാല കാര്യവട്ടം കെമിസ്ട്രി പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ സയൻസ്/എൻജിനീയറിംഗ് ബിരുദ വിദ്യാർത്ഥികൾക്കായി രസതന്ത്ര 2016 എന്ന ക്വിസും ബഹിരാകാശ വാരാചരണവും ഒക്ടോബർ അഞ്ചിന് കാര്യവട്ടം കെമിസ്ട്രി പഠനവകുപ്പിൽ നടത്തും. ഫോൺ. 9895989162, 9633272411.

## എം.എസ്സി മെഡിസിനൽ കെമിസ്ട്രി : പ്രാക്ടിക്കൽ, വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി മെഡിസിനൽ കെമിസ്ട്രിയുടെ പ്രാക്ടിക്കൽ, വൈവ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
03.10.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098